# PTCMHS MAGAZINE

# ആശംസ



അക്ഷരച്ചില്ലുകളിൽ
പൂവിട്ട
ആത്മാവിഷ്ക്കാരത്തിന്റെ
അനുഭവപ്പകർച്ച......!
ഞങ്ങളും ഇതുവഴി കടന്നുപോയി
എന്നറിയിക്കാൻ
ഒടിച്ചിട്ട ഒരു ചില്ല.......
'കുട്ടിപ്പട്ട'ങ്ങളുടെ
ഭാവനയുടെ നീലാകാശം
ഇനിയും വിശാലമാകട്ടെ......
ഈ അക്ഷരപ്പൂക്കളെ
ഹൃദയത്തിലേറ്റ് വാങ്ങുന്നു.......

ആശംസകൾ......

സജിതോമസ്

- ഹെഡ്മാസ്റ്റർ -

# ആശംസ



കുണ്ടുതോട് PTCMHS-ലെ കൊച്ചുകൂട്ടുകാർ തങ്ങളുടെ കലാസാഹിത്യഭാവനകൾക്ക് രൂപവും ഭാവവും വർണങ്ങളും നൽകിയിരിക്കുന്നത് കാണുമ്പോൾ ഏറെ സന്തോഷം തോന്നുന്നു. അവിടെ അറിവിന്റെ പ്രകാശമുണ്ട്, സ്വപ്നങ്ങളുടെ പെയ്തിറങ്ങലുണ്ട്, വർണങ്ങളുടെ മഴവില്ലുകളുണ്ട്. അനുഗ്രഹീത കലാകാരന്മാരെയും അവരെ സമന്വയിപ്പിച്ചവരെയും സ്നേഹത്തോടെ ഓർക്കുന്നു. ദൈവീക ദാനങ്ങളെ വളർത്തി വലുതാക്കി, നാളെയുടെ നീലവാനിൽ പാറിപ്പറന്ന് അനേകർക്ക് നിറം പകരാൻ നിങ്ങൾക്കേവർക്കും കഴിയട്ടെ എന്നാശംസിക്കുന്നു

ഫാ. ജോർജ്ജ് വരിക്കാശ്ശേര്

\- മാനേജർ -

# ഉള്ളടക്കം


- **ചിത്രകലകൾ**-------------------------- 5-9
- **കഥകൾ**------------------------------ 10-26

  ആ യാത്ര വേണ്ടിയിരുന്നില്ല---------- 10-16

  Hardwork is the Key to Success------- 17-18

  മനോഹരന്റെ മകൾ------------------ 19-22

  വിശപ്പിന്റെ വിളി---------------------- 23-24

  അപരൻ------------------------------ 25-26

- **കവിതകൾ**------------------------- 27-28

  നഷ്ടദുഖം------------------------------ 27

  നഷ്ടസ്വപ്നങ്ങൾ------------------------ 28

- **ഡോക്യുമെന്ററി**---------------------- 29-30


# ചിത്രകലകൾ




മിലൻ രാജ്



അലോണ മരിയ സിജോ



ജാസ്മിൻ സെബാസ്റ്റ്യൻ




ജാസ്മിൻ സെബാസ്റ്റ്യൻ




**കെ സംജെയ്**



**ഈവ ആൻ ജോസ്**



**ഈവ ആൻ ജോസ്**



**ഈവ ആൻ ജോസ്**



**ഈവ ആൻ ജോസ്**





**ടിസ ആൻ അലെക്സ്**




ശ്രീനന്ദ ശ്രീജേഷ്



തേജലക്ഷ്മി



ജാസ്മിൻ സെബാസ്റ്റ്യൻ




**വൈഷ്മ എസ് രാജേഷ്**




**ഇമ്മാനുവേൽ പി മാത്യു**

# ആ യാത്ര വേണ്ടിയിരുന്നില്ല

"ഹലോ..."
"ഹലോ ... ഞാൻ ഇറങ്ങുവാട്ടോ ... രാവിലെ 8 മണിക്ക് അങ്ങ് എത്തും ..."
" ആഹ് ഞാൻ ഉണ്ടാകും അവിടെ എത്തിയിട്ട് ഒന്ന് വിളിച്ചാൽ മതി.."
"ഓക്കെ ...ഞാൻ വിളിക്കാം ..."

കോൾ കട്ട്  ചെയ്ത് ബാഗ് ഒക്കെ എടുത്തു റൂം ലോക്ക് ചെയ്ത് അവൾ ടാക്സിക്ക് അരികിലേക്ക് എത്തി .അവിടെനിന്നും എയർപോർട്ടിലേക്ക് .ചെക്കിൻ കഴിഞ്ഞ് ഫ്ലൈറ്റിനായി അവൾ കാത്തിരുന്നു .ഇടക്ക് ഫോണെടുത്തു എന്തെല്ലാമോ നോക്കിയിരുന്നു സമയം തള്ളിനീക്കി .ഫ്ലൈറ്റിൽ കയറി തന്റേതായ സീറ്റിൽ കയറിയിരുന്നവൾ ബാഗിലിനിന്നും ഒരു ബുക്കെടുത്തു വായിച്ചുകൊണ്ടിരുന്നു .അത് മടുത്തപ്പോഴെപ്പോഴോ പതിയെ കണ്ണുകൾ ചിമ്മി .പിറ്റേന്ന് രാവിലെ 8 മാണി ആയപ്പോൾ അവൾ നാട്ടിലെത്തി .ഫ്ലൈറ്റിൽനിന്നിറങ്ങി ഫോണെടുത്തവൾ ആരെയോ വിളിച്ചു.

"ഹലോ ..."
"എത്തിയല്ലേ ... ഞാൻ പുറത്തുണ്ട് ,നീയിങ് വാ ..."
"ആഹാ ..."

അവൾ പുറത്തേക്കു നടന്നു .പുറത്തിറങ്ങിയതും തന്നെ നോക്കി പുഞ്ചിരിക്കുന്നവളെ അവൾ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു .

"ചേച്ചിപ്പെണ്ണേ ..."
"ഓഹ് ഭാഗ്യം ,ഓർമയുണ്ടല്ലോ ..."
"അതെന്തേ അങ്ങനെ ?"
"വിളിക്കുമ്പോഴൊന്നും ഈ വിളി കേട്ടിട്ടില്ലേ അതുകൊണ്ടാ "
"പോട്ടേ വിഷമിക്കണ്ട ..."
"ആഹ്... നീ വാ ,നമ്മുക്ക് വീട്ടിൽ പോകാം .."
"മ് ..."

അവരിരുവരും കാറിൽ കയറി .

"ചേച്ചിപ്പെണ്ണേ .. വീടിന്റെ താക്കോൽ ആരുടേലാ ..?"
"അത് മമ്മീടെ കയ്യിലുണ്ട് ... അതെന്തിനാ നിനക്കിപ്പോ ..?"
"അങ്ങോട്ട് പോകാൻ വേണ്ടീട്ടാ..."
"നീ അവിടെ താമസിക്കാൻ ആണോ...?"
"പിന്നല്ലാതെ ..."
"ഒറ്റയ്ക്ക് അല്ലേടീ ..."
"ഞാനോ ഒറ്റക്കോ....? ചെറിയ കുഞ്ഞൊന്നും അല്ലല്ലോ ..."
"ഏതായാലും നീ ഇന്ന് പോവണ്ട.കിച്ചു നാളെ പൊയ്ക്കോ..."
"ഓ... ആയിക്കോട്ടെ "

അവർ വീട്ടിലെത്തിയതും

"കിച്ചു മോളെ... "
"ആന്റിയമ്മാ..."

അവൾ പുറത്തേക്കിറങ്ങി വന്നവൾ കെട്ടിപ്പുണർന്നു .അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു ...

"അയ്യേ കരയുവാണോ .."
"എത്രകാലമായി മോളെ നിന്നെയൊന്നു കണ്ടിട്ട് ..."
"ഇപ്പൊ ഞാനിങ്ങ് എത്തിയില്ലേ ... ഇനി ഏതായാലും 2 മാസം കഴിഞ്ഞേ പോകുന്നുള്ളൂ ..."
"മോള് വാ ... പോയി കുളിക്ക് ,വല്ലതും കഴിക്കാൻ എടുത്തു വയ്ക്കാം ഞാൻ ..."
"ആഹാ..."

അവൾ കുളിയൊക്കെ കഴിഞ്ഞു കഴിക്കാൻ വന്നിരുന്നു ...

"ആന്റിയമ്മേ ... ആ താക്കോൽ ഒന്ന് എടുത്ത് വച്ചേക്കണേ ,ഞാൻ നാളെ വീട്ടിൽ പോകും ."
"അവിടെ നിക്കാനാണോ ...?"
"ആഹ്..."
"വേറെയാരും ഇല്ലതെങ്ങനാ ..."
"എന്റെ വീടല്ലേ ആന്റിയമ്മേ ... അവിടെ ഞാനെങ്ങനെ ഒറ്റയ്ക്കാവാനാ ..."
"മോൾക്ക് അതാ ഇഷ്ടമെങ്കിൽ അങ്ങനെയായിക്കോ..."
"അതിലൊരു സന്തോഷം ഇല്ലാത്തപോലുണ്ടല്ലോ ...?"
"ഏയ് അങ്ങനെയൊന്നും ഇല്ല ...മോൾക്ക് തോന്നിയതാവും .."
"അങ്ങനായാ മതി ..."

അടുത്ത രാവിലെതന്നെ ആന്റിയമ്മയുടെ കയ്യിൽനിന്ന് താക്കോൽ വാങ്ങി അവൾ വീട്ടിലേക്കു പോയി .അതുവഴി പള്ളിയിലും കയറി .ഇറങ്ങാൻ നേരം കയ്യിൽ കരുതിയ പൂവുമായവൾ സെമിത്തേരിയിലേക്ക് നടന്നു .ഒരു കല്ലറയിൽ ആ പൂക്കൾ വച്ച് അവൾ കുറച്ചുനേരം അവിടെനിന്ന് പ്രാർത്ഥിച്ചു .ശേഷം വീട്ടിലേക്കു പോയി .കാലം കുറച്ചായി വൃത്തിയാക്കാത്ത ആ വീടിന്

മുൻപിൽ നിറയെ കരിയിലകൾ കൂടികിടന്നിരുന്നു .അവൾ പതിയെ ആ വരാന്തയിലേക്ക് കയറി .ആകെപ്പാടെ പൊടിപിടിച്ചു ഇരുന്നവിടം ആകെ ഒന്ന് നോക്കി .താക്കോൽ എടുത്ത് വാതിൽ തുറന്നു .നിറയെ



പൊടിയും എട്ടുകാലിവലയും പിടിച്ചുകിടന്ന ആ ഹാളിലേക്ക് അവൾ കയറി .ചുറ്റും ഒന്ന് കണ്ണോടിച്ചു . അവിടെ ചുവരിലായി തൂക്കിയിട്ടിരുന്ന ഫോട്ടോയിലേക്ക് ഒന്ന് നോക്കി .നിറഞ്ഞു വന്ന കണ്ണുകൾ തുടച്ചുകൊണ്ട് വീട് വൃത്തിയാകാൻ തുടങ്ങി .ആ ഓർമകളിൽ എന്തെല്ലാമോ മിന്നിമറയുന്നുണ്ടായിരുന്നു . ഇത്രമേൽ ശൂന്യമായ വീട് അവൾക്ക് ഒരു പുതിയ അനുഭവം തന്നെയായിരുന്നു. എല്ലാം ഒന്ന് ഒതുങ്ങിയപ്പോൾ അവൾ ഒരു കസേര വലിച്ചിട്ട് അതിലേക്കിരുന്നു. 3 വർഷം മുൻപ് താൻ ഇവിടുന്ന് പോകുമ്പോൾ ഇങ്ങനായിരുന്നില്ലിവിടം. ഓർമ്മകൾ അവളുടെ മനസ്സിനെ പതിയെ കീഴ്പ്പെടുത്തിത്തുടങ്ങി.

”ഹലോ ...”
”കിച്ചു ... നിയനക്കവിടെ കുഴപ്പമൊന്നുമില്ലല്ലോ ...”
”ഇല്ല .... ഞാൻ ഇവിടെ ഓക്കെയാണ് ...”
”ഇവിടെയൊന്ന് പുറത്തുപോലും ഇറങ്ങാൻ പറ്റണില്ല മോളെ ... അത്രയ്ക്ക് നിയന്ത്രണങ്ങളാ ... സാധനങ്ങൾ വാങ്ങാൻ വേണ്ടി മാത്രം പപ്പ ഒന്ന് വൈകുന്നേരം ഇറങ്ങും, ഞാനും മോളും ഇവിടെ തന്നെയിരിപ്പാ ...”

”ഇവിടെയും അതെ മമ്മി ... പുറത്തിറങ്ങാൻ പോലും പറ്റുകേല ...”
”കഴിക്കുന്നൊക്കെയില്ലേ മോളെ നീ ...”
”ഉണ്ട് മമ്മി ...”
”നിനക്കവിടുന്ന് ഇങ് വരാൻ പറ്റുമോ എങ്ങനേലും ....?”
”പറ്റും എന്ന് തോന്നുന്നില്ല മമ്മി ...ഇവിടുന്ന് ഫ്ലൈറ്റ് ഇല്ല ... അറിയാവുന്നതല്ലേ മമ്മിക്ക് ...”
”അറിയാം കുഞ്ഞേ എങ്കിലും ഒരു മനസമാധാനം കിട്ടണില്ല ... നീ അവിടെ ഒറ്റക്ക് അല്ലെ ...”
”എനിക്ക് ഒറ്റക്കാണെന്ന് തോന്നുമ്പോൾ വിളിക്കാൻ മമ്മി ഇല്ലയോ ....”
”ആഹ് ...”

നാട്ടിലേക്ക് ലീവിന് വരാനിരുന്ന സമയത്താണ് കോറോണയുടെ വരവ്. ഒന്നര വർഷത്തിന് ശേഷം ഇങ് വരാനിരുന്ന സന്തോഷവും അങ് പോയി. എന്നും വിളിച്ചു പരാതി പറയും മമ്മി പിന്നങ്ങോട്ട്. എന്തേലും ചെയ്യാനൊക്കുവോ ? ഫ്ലൈറ്റില്ലാതെ എങ്ങനെ വരാൻ ... അങ്ങനെയുള്ളപ്പോഴാ ഒരു ദിവസം ആന്റിയമ്മ വിളിക്കുന്നെ ,

”ഹലോ... കിച്ചു ...”
”എന്താ .. ആന്റിയമ്മേ ,,,”
മോളെ ..., പപ്പക്ക് രണ്ട് ദിവസമായിട്ട് പനി ആയിരുന്നെ, ആശുപത്രിയിൽ പോയി ടെസ്റ്റ് ചെയ്തപ്പോൾ കോവിഡ് പോസിറ്റീവ് ആണെന്ന് പറഞ്ഞതും ചേട്ടത്തിയെയും അച്ചൂനെയും കൂടെ ടെസ്റ്റ് ചെയ്തു ... മൂന്നു പേരും ഇപ്പോൾ ആശുപത്രിയിൽ അഡ്മിറ്റാണ് ...”
”രാവിലെ കൂടെ എന്നെ വിളിച്ചിട്ട് ഒന്നും പറഞ്ഞില്ലല്ലോ ...”
”മോള് പേടിക്കണ്ട എന്ന് വച്ച് ആവും .... പിന്നെയവര്

ആശുപത്രിയിൽ പോയത് ഒരു പതിനൊന്ന് മണിയൊക്കെ ആയപ്പോഴാ... ഇനിയേതായാലും വിളിക്കാൻ ഒന്നും പറ്റുവേല ... എന്തേലും ഉണ്ടേൽ ഞാൻ വിളിക്കാട്ടോ ..."
"ആഹ് ആന്റിയമ്മേ ..."
"കർത്താവേ അവർക്കൊന്നും വരുത്തരുതേ ..."

ഇടക്കിടക്ക് അവൾ ആന്റിയമ്മയെ വിളിച്ചു കാര്യങ്ങൾ ഒക്കെ അന്വേഷിച്ചുകൊണ്ടിരുന്നു ... ഒരു ദിവസം രാത്രി അവരവളെ വിളിച്ചു ....

"ഹലോ മോളെ ..."
"എന്തോ ആന്റിയമ്മേ ..."
"മോളെ ചേട്ടത്തിയും ചേട്ടനും പോയി മോളെ ...."



അവൾ കരയാൻ തുടങ്ങി. അവരുടെ ഏങ്ങലടി മാത്രമേ പിന്നീടവൾ കേട്ടിരുന്നുള്ളു... അവളുടെ കണ്ണുകളും പതിയെ നിറഞ്ഞു തുടങ്ങി. ഫോണെടുത്തു തന്റെ കാതോട് ചേർത്തവൾ അവരോടായി സംസാരിച്ചു.

"ആന്റിയമ്മേ.... അച്ചു... അവൾക്ക്..."
"അറിയില്ല മോളെ.... ഇതിപ്പോ ആശുപത്രിയിൽ നിന്ന് വിളിച്ചതാ..."
"മ് ..."

അവൾ പതിയെ കോൾ കട്ട് ചെയ്ത് കട്ടിലിലേക്കിരുന്നു. ആ കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ടേയിരുന്നു. ഇനിയവരെ കാണാൻ കഴിയില്ലെന്ന യാഥാർഥ്യം

അവളിൽ തറച്ചുകയറി. മൂന്ന് ദിവസം കഴിഞ്ഞു ചേച്ചി വിളിച്ചു അനിയത്തിയും മരിച്ചെന്ന് അറിയിച്ചു.എല്ലാം അറിഞ്ഞുകൊണ്ട് ഒന്നും ചെയ്യാനാകാതെയവൾ സമയം തള്ളിനീക്കി. മാസങ്ങൾ കഴിഞ്ഞ് നാട്ടിലിലേക്ക് വരാനുള്ള സാഹചര്യമായിട്ടും അവൾ വന്നില്ല... എല്ലാം ഒന്ന് മനസ്സിൽനിന്ന് മാഞ്ഞപ്പോൾ തിരികെ എത്തിയതായിരുന്നു, എങ്കിലും ഓർമ്മകൾ അവളെ വേട്ടയാടിക്കൊണ്ടിരുന്നു. ആ വീട്ടിലെ ഓരോ നിമിഷങ്ങളും അവൾക്ക് കടന്നുപോകാൻ കഴിയാവിധമായി മാറി. ആ വീടിന്റെ ഓരോ കോണും അവളിൽ വേദനകൾ സൃഷ്ടിച്ചുകൊണ്ടേയിരുന്നു. എങ്ങനെയെല്ലാമോ അവൾ രണ്ടു മാസം അവിടെ പിടിച്ചുനിന്നവൾ തിരികെ യാത്രയായി. എല്ലാറ്റിൽ നിന്നും ഒരു മോചനത്തിനെന്നപോലെ.

**അഞ്ജന രവീന്ദ്രൻ**

# HARDWORK IS THE KEY TO SUCCESS

In a faraway village,lives a hard working farmer who has grape fields. year after year his grapery gives rich harvest and the



farmer becomes very successful.He has three sons .Who are young and energetic but never bother to work. As the farmer grows old ,he begins to worry about his son"s future then he falls ill and realized his deadth is fast approching he called his sons and told them "dear son, I see my death near Me, but before I bid goodbye to you I want to share a Seeret.He told

them,there is a treasure hidden under the fields.Dig the entire field after My death, to find it." The old farmer dies and his sons performed the last rites. The son begins to dig for the treasue without leaving any part of the field but found nothing .However their digging of the field leads to cultivation of health crop and reasults in huge earning.Their earning make the sons realized.What their father Meant.



THANK YOU

[illegible]

# മനോഹരന്റെ മകൾ

ഭ്രാന്തൻ മനോഹരന്റെ വളർഞ്ഞുമകൾ എന്നതിനേക്കാ മനോഹരന്റെ മകൾ എന്നു വിളിക്കപ്പടുവാനാണവളൾ ആഗ്രഹിച്ചത്.ആ വിശേഷണമാണ് അവൾക്ക് കൂടുതൽ ഇണക്കവും.ആ ഇണക്കത്തിന്റ രഹസ്യമറിയുവാൻ മുളയന്നുർ ഗ്രാമത്തിലേക്കു പോകണം.

അന്നൊരു നവംബർ 15. മുളയന്നൂർ ഗ്രാമം അന്നുണർന്നത് ഉദ്വെഗത്തിന്റെ മുൾമുനയിലായിരുന്നു. ആ ഉദ്വെഗത്തിന്റെ കാരണമറിയുവാനെന്നോണം മാമരക്കൂട്ടങ്ങൾക്കിടയിലൂടെ ബാലസൂര്യൻ എത്തിനോക്കി. ആ കാഴ്ച കണ്ടിട്ടാകണം പെട്ടെന്ന് ബാലസൂര്യൻ മുഖം മറച്ചു.

ആ കാഴ്ച എന്തായിരുന്നുവെന്നോ.......?

വർഷങ്ങളായി മുളയന്നൂർ ഗ്രാമത്തിന്റെ ഭാഗമായിത്തീർന്ന ഭ്രാന്തൻ മനോഹരന്റെ കയ്യിൽ ഒരു ചോരക്കുഞ്ഞ്. ആ പിഞ്ചുകുഞ്ഞിന്റെ മുഖത്തുനോക്കി മനോഹരൻ ആർത്തുചിരിക്കുകയാണ്. ആ പെൺകുഞ്ഞാകട്ടെ നിർത്താതെ കരയുന്നുമുണ്ട്.

ആരാണീ മനോഹരൻ എന്ന് അറിയണ്ടേ....?

മുളയന്നൂർ ഗ്രാമവാസികളുടെ പേടിസ്വപ്നം. എവിടെനിന്ന് വന്നുവെന്നോ....എപ്പോൾ വന്നുവെന്നോ....ആർക്കുമറിയില്ല. മഴയും വെയിലും മഞ്ഞുമെല്ലാം മനോഹരന്റെ സ്നേഹിതരാണ്. മഴക്കാലമായാൽ മഴയത്തുനിന്ന് കയറില്ല. വെയിലുവന്നാൽ പൊരിവെയിലത്തു കുത്തിയിരിക്കുകയായി. വിശക്കുമ്പോൾ തോന്നുന്നിടത്ത് കയറിചെല്ലും. അത് സമ്പന്നന്റെ മാളികയോ വിധവയുടെ കുടിലോ എന്നൊന്നും മനോഹരൻ നോക്കില്ല.കിട്ടുന്നതെന്തും മനോഹരൻ കഴിക്കും.ആരും അയാളോട് ഒന്നും ചോദിക്കാറില്ല. ആരോടും അയാൾ ഒന്നും പറയാറുമില്ല.എന്നും രാവിലെ ആറുമണിക്ക് അയാളുടെ ദിവസം ആരംഭിക്കും. എന്നിട്ട് മുളയന്നൂർ ഗ്രാമത്തിന്റെ ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ ആരാധനാലയങ്ങൾക്ക് നേരെ തിരിഞ്ഞ് മനോഹരൻ ഒന്ന് പ്രാർത്ഥിക്കും.ആ പ്രാർത്ഥനയിൽ കൃഷ്ണനും ക്രിസ്തുവും അള്ളാഹുവുമെല്ലാം കൈകോർക്കും. പിന്നെ നേരെ അങ്ങാടിയിലേക്ക് ഇറങ്ങുകയായി. മുളയന്നൂർ അങ്ങാടി അടിച്ചുവൃത്തിയാക്കിയിട്ടേ ഭ്രാന്തൻ മനോഹരന് വിശ്രമമുള്ളൂ...... വര്ഷങ്ങളായി ഇതാണ് അയാളുടെ പതിവ്.

ആ മനോഹരനാണിന്ന് പതിവിനു വിപരീതമായി ഒരു ചോരക്കുഞ്ഞിനെയും മാറോട് ചേർത്ത് ആർത്തുപിടിച്ചു നടക്കുന്നത്.

മനോഹരനെ അറിയുന്നവരാരും ആ രംഗം ശ്രദ്ധിച്ചതേയില്ല. ഒരുപാട് ചോദ്യങ്ങൾ മനസ്സിൽ തിങ്ങിവിങ്ങുമ്പോഴും ആ ഗ്രാമവാസികൾ മൗനം അവലംബിച്ചതേയുള്ളു കാരണം തന്നെയാരും ശ്രദ്ധിക്കുന്നത് മനോഹരന് ഇഷ്ടമല്ലെന്ന് അവർക്കറിയാമായിരുന്നു. ആരെങ്കിലും അയാളുടെ ജീവിതത്തിലേക്ക് എത്തിനോക്കിയെന്ന് വരികിൽ ഭ്രാന്തൻ മനോഹരന്റെ രൂപവും ഭാവവും മാറും. ക്രൂരമായതെന്തും ചെയ്യാൻ അയാൾ മടിക്കില്ല. അതുകൊണ്ടുതന്നെ മറ്റുള്ളവരുടെ

കാര്യങ്ങളിൽ വ്യഗ്രചിത്തരായ മുളയന്നൂർ ഗ്രാമവാസികൾ മനോഹരന്റെ കാര്യത്തിൽ ഇടപെട്ടില്ലെന്ന് മാത്രമല്ല ആ കാഴ്ച കണ്ടിട്ടും കാണാത്തതുപോലെ നടന്നു.

എന്നിരുന്നാലും മുളയന്നൂരുകാരുടെ സംശയങ്ങളും ചോദ്യങ്ങളും പല പല ഗോസിപ്പുകളായി പുറത്തുവന്നു. ചിലർ പറഞ്ഞു: ഭ്രാന്തൻ മനോഹരൻ മോഷ്ടിച്ചതാണോ കുഞ്ഞിനെ..... മറ്റു ചിലർ പറഞ്ഞു: ഭ്രാന്തൻ മനോഹരൻ പിഴപ്പിച്ച ഏതെങ്കിലുമൊരുത്തി കൊണ്ടുവന്ന് ഇട്ടേച് പോയതായിരിക്കാം ആ കുഞ്ഞിനെ. ചിലരുടെ ഭാവന വിടർന്നപ്പോൾ മനോഹരൻ ഒരു പ്രേമകഥയിലെ നായകനും വില്ലനും ആയി.

വർഷങ്ങൾക്കുമുൻപ് മനോഹരൻ സുമുഖനും അഭ്യസ്തവിദ്യനമായ ഒരു ചെറുപ്പക്കാരനായിരുന്നുവെന്നും അയാൾ ഒരു സുന്ദരിയായ പെൺകുട്ടിയെ സ്നേഹിച്ചു വിവാഹം കഴിച്ചുവെന്നും. ഒരു സുപ്രഭാതത്തിൽ അയാൾക്കൊപ്പം ഡോക്ടറെ കാണുവാൻപോയ അവൾ തന്റെ പുതിയ കാമുകനൊപ്പം ഒളിച്ചോടിയെന്നും ആ വിഷമം സഹിക്കവയ്യാതെ മനസ്സിന്റെ സമനിലതെറ്റി നാടുവിട്ടുപോന്നതാണ് ഭ്രാന്തൻ മനോഹരനെന്നും ഇപ്പോൾ അയാളുടെ കൈകളിലിരിക്കുന്ന കുഞ്ഞ് ഭാര്യക്ക് കാമുകനിലുണ്ടായതാണെന്നും അതിനെ ഭ്രാന്തൻ മനോഹരൻ കൊല്ലുമെന്നുവരെ.... ആളുകൾ പലതും പറഞ്ഞു നടന്നു.

മാസങ്ങളും വർഷങ്ങളും പലതും കടന്നുപോയി. മുളയന്നൂർ ഗ്രാമവാസികളുടെ ഗോസിപ്പുകളും കണക്കുകൂട്ടലുകളും ഭ്രാന്തൻ മനോഹരൻ തെറ്റിച്ചു. സ്വന്തമെന്നു പറയാൻ ആരോരുമില്ലാത്ത മനോഹരന്റെ ജീവിതത്തിലേക്ക് കടന്നുവന്ന പെൺ കുഞ്ഞ് അയാളുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ചു. പിന്നീട് മുളയന്നൂരുകാർ കണ്ടത് അയാളുടെ മറ്റൊരു മുഖമായിരുന്നു. തന്റെ മുന്നിലെ നിഷ്കളങ്കയായ കുട്ടിയുടെ മുന്നിൽ അയാളുടെ ക്രൂരഭാവങ്ങൾ ഉരുകിയൊലിച്ചുപോയതുപോലെ.... അവൾക്കുവേണ്ടി അയാൾ താരാട്ടുപാടി ആ കുരുന്നിന് ഇക്കിളിയേകി അവൾക്കൊപ്പം ആയാലും പൊട്ടിപ്പൊട്ടിച്ചിരിച്ചു. തനിക്കു കിട്ടുന്ന ഭക്ഷണത്തിന്റെ ഒരു പങ്ക് അയാൾ കുഞ്ഞിനെ കഴിപ്പിച്ചു.

ഭ്രാന്തൻ മനോഹരന്റെ ഹൃദയം കരിങ്കല്ലുകൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത് എന്ന് പറഞ്ഞിരുന്നവരാണ് ഏറെ ഞെട്ടിയത്. കാരണം ആരോരുമില്ലാത്ത ആ പിഞ്ചുകുഞ്ഞിന് ഭ്രാന്തൻ മനോഹരൻ അമ്മയും അച്ഛനും സഹോദരനും കൂട്ടുകാരനമെല്ലാമായി. കനകാംബരീ..... എന്നയാൾ അവളെ പെരുവിളിച്ചു അച്ഛാ..... എന്നുവിളിക്കാൻ അയാൾ അവളെ പഠിപ്പിച്ചു...... ച്ഛാ....... എന്ന അവളുടെ വിളി, സ്നേഹത്തിൽ പൊതിഞ്ഞ അവളുടെ മുത്തങ്ങൾ, കുഞ്ഞിളം മോണകാട്ടിയുള്ള അവളുടെ പുഞ്ചിരി ഇവയെല്ലാം അയാളുടെ മാനസിക രോഗത്തിന് ഔഷധമായി മാറിയതുപോലെ..... അതുവരെ തന്റെ രോഗശമനത്തിന് മരുന്നെടുക്കാൻ കൂട്ടാക്കാതിരുന്ന അയാൾ ചികിത്സ തേടി നാളുകടവിലെത്തി. അതോടെ മുളയന്നൂർ ഗ്രാമവാസികൾക്ക് ഭ്രാന്തൻ മനോഹരനും അയാളുടെ വളർത്തുമകളും നഷ്ടപ്പെട്ടു. മനോഹരന്റെ മകളെന്ന് ആരെങ്കിലും തന്നെ വിശേഷിപ്പിച്ചിരുന്നെങ്കിൽ എന്ന് അവൾ ആശിച്ചു.

അച്ഛനോട് ചിപ്പോഴെല്ലാം അവൾ പിണങ്ങിയിട്ടുണ്ട്...... വാശിപിടിച്ചിട്ടുമുണ്ട് എന്നിരുന്നാലും അച്ഛന് സ്നേഹവാത്സല്യങ്ങൾക്കപ്പുറം ആ മനസ്സിന്റെ ഭാവവൈചിത്ര്യങ്ങളുടെ പ്രക്രതങ്ങളുടെയും ലേബലിൽ.....ഭ്രാന്തൻ..... എന്ന് കുറിക്കുവാൻ അവൾക്കൊരിക്കലും കഴിയുമായിരുന്നില്ല. അത്രമാത്രം കനകാംബരി

അയാളെ സ്നേഹിച്ചു......മനസ്സിലാക്കി. സാഹചര്യങ്ങളുടെയും സമ്മർദ്ദങ്ങളുടെയും ചൂടിൽ താളംതെറ്റുന്ന അയാളുടെ മനസ്സിനെ തണുപ്പിക്കുവാൻ അച്ഛാ എന്നുള്ള അവളുടെ വിളിക്കു കഴിഞ്ഞു.

തെരുവിന്റെ ഓരത്തിരുന്ന സ്വപരിശ്രമംകൊണ്ട് എഴുതാനും വായിക്കാനും പഠിച്ച കനകാംബരി ആദ്യമായി എഴുതിയ വാക്ക്..... അച്ഛൻ...... എന്നായിരുന്നു. അതിനടിയിൽ മനോഹരൻ എന്ന് എഴുതിചേർത്തിട്ട് അവൾ ഓടി അച്ഛനരികിലെത്തി.

ദേ....... അച്ഛാ......ഇതുകണ്ടോ........അച്ഛന പറ്റുമെങ്കിൽ എനിക്കിതൊന്ന് വായിച്ചുതരുമോ.........? അയാൾ അവളുടെ കയ്യിലെ കീറക്കടലാസുവാങ്ങി വായിച്ചു.......ഒന്നല്ല ഒരിരുപതുവട്ടം......... മെല്ലെ ആ കണ്ണുകൾല ഈറനണിഞ്ഞു. അതിലൊരു കണ്ണീർക്കണമടർന്ന് അവളുടെ നിറുകയ്യിൽ വീണു വാത്സല്യത്തിന്റെ കടലായി അതവളുടെ ശിരസ്സിലൂടെ ഒഴുകിയറങ്ങവേ.........അവൾ വിളിച്ചു അച്ഛാ.....ആ വിളയിൽ ഒരായിരം സൂര്യചന്ദ്രൻമാർ തനിക്കുചുറ്റും നൃത്തം വയ്ക്കുന്നതു പോലെ അയാൾക്ക് തോന്നി. പിറ്റേന്ന് കനകാംബരിയുടെ കൈപിടിച്ച് അയാൾ പോയത് അടുത്തുള്ള കോൺവെന്റ് സ്കൂളിലേക്കായിരുന്നു.

യൂണിഫോമണിഞ്ഞ് ബാഗും തൂക്കി വർണ്ണക്കുടകൾ ചൂടി. വർണ്ണശലഭങ്ങളേപ്പോലെ കൂട്ടംകൂട്ടമായിരുന്ന കൊച്ചുകൂട്ടുകാരെ കണ്ടപ്പോൾ കനകാംബരിക്കു സന്തോഷമായി. അവരോട് കൂട്ടകൂടാനായി അവൾ ഓടിച്ചെന്നു. എന്നാൽ കീരിപഴകിയ കുഞ്ഞുടുപ്പും ചീകിയൊതുക്കാത്ത മുടിയുമായി നിൽക്കുന്ന അവളുടെ നേരെ നോക്കാൻപോലും കൂട്ടാക്കാതെ കുട്ടിപടകൾ പരിഹാസ മുഖഭാവത്തോടെ കടന്നുപൊയ്ക്കൊണ്ടിരുന്നു.

കുട്ടിത്തം നഷ്ടപ്പെട്ട കുരുന്നുകളും സ്നേഹത്തെ കൂടിയിരക്കിയ ഹൃദയങ്ങളും തുറിച്ചുനോക്കുന്ന നഗരത്തിന്റെ വൈരുധ്യങ്ങൾ കാണുവാനാകാതെ കണ്ണുപൊത്തികൊണ്ടവൾ അവൾ അച്ഛനരികിലേക്കോടി.

കനകാംബരി ഓടിയെത്തുമ്പോൾ അവളുടെ ജീവിതകഥ മുഴുവൻ മനോഹരൻ സി.ബിയാട്രീസ്സിനോടു പറയുകയായിരുന്നു. സിസ്റ്റർ ഇവൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാൻ സിസ്റ്ററിനു മാത്രമേ സാധിക്കു...... അച്ഛന്റെ വാക്കുകൾക്കുത്തരം തേടി അവൾ സി.ബിയാട്രീസ്സിന്റെ കണ്ണുകളിലേക്കുറ്റുനോക്കി.അവളുടെ കണ്ണുകളിലെ തിളക്കവും അറിവിനായുള്ള ദാഹവും സി. ബിയാറ്ററസിനേ ആകർഷിച്ചതുപോലെ അവർ കനകാംബരിയെ അടുത്തുവിളിച്ച് തന്നോട് ചേർത്തുനിർത്തി പറഞ്ഞു ഇനിമുതൽ ഈ സ്കൂൾ കനകാംബരിയുടെതുമാണ് മോൾക്ക് ബോർഡിങ്ങിൽ താമസിച്ചു പഠിക്കാം കൂട്ടുകാരുമൊത്ത് കളിക്കാം എന്താ സമ്മതമാണോ ഉവ്വ് സിസ്റ്റർ അവൾ തലയാട്ടിക്കൊണ്ട് പറഞ്ഞു എങ്കിൽ പഠിച്ച മിടുക്കിയായി അച്ഛൻറെ അഭിമാനമായി കൊള്ളാമെന്ന് അച്ഛന് വാക്ക് കൊടുക്ക് വലിയ നന്ദിയോടെ അവൾ അച്ഛൻറെ മുഖത്തേക്ക് ഉറ്റുനോക്കി പറഞ്ഞു അച്ഛൻറെ മോൾ പഠിച്ച മിടുക്കിയായി ഒരു ഡോക്ടറായി അച്ഛനെ സുഖപ്പെടുത്താട്ടോ തന്റെ വളർത്തുമകളുടെ വാക്കുകൾക്ക് മുന്നിൽ ഭ്രാന്തൻ മനോഹരൻ കണ്ണുകൾ നിറഞ്ഞൊഴുകി കണ്ണുനീർ തുടച്ച് അയാൾ തന്റെ വളർത്തും മകളുടെ ചുംബിച്ചു അവളെ അനുഗ്രഹിച്ചു

ഭ്രാന്തിനെ പോലും പരാജയപ്പെടുത്തിയ അവരുടെ സ്നേഹത്തിൻറെ ഊഷ്മളത അളക്കുവാൻ അപ്പോൾ സിസ്റ്റർ ഹൃദയം കഴിഞ്ഞില്ല യാത്ര പറഞ്ഞിറങ്ങിയിട്ടും ആ വളർത്തച്ഛന് തിരിഞ്ഞു നോക്കാതിരിക്കാൻ കഴിഞ്ഞില്ല ഉറച്ച കാൽവെപ്പുകളോട് നഗരത്തിലേക്ക് നടക്കുമ്പോഴും അയാളുടെ മനസ്സ് നിറയെ കനകാംബിരിയായിരുന്നു. അവളുടെ ഭാവിയെക്കുറിച്ച് ഓർത്തപ്പോൾ അമ്മയുടെ ഗതി മകൾക്കും വന്നുപോരുമോ എന്ന ചിന്ത അയാളെ അസ്വസ്ഥപ്പെടുത്തി. ഭ്രാന്ത് പിടിച്ച ലോകത്തോട് അയാൾക്ക് വെറുപ്പായിരുന്നു ഇന്നലെവരെ തന്നെ ഭ്രാന്തൻ എന്ന് വിളിച്ച് അധിക്ഷേപിച്ച ലോകത്തെ നോക്കി എനിക്ക് ഭ്രാന്തില്ല നിങ്ങൾക്കാണ് ഒരു ഭ്രാന്ത് എന്ന് വിളിച്ചു പറയണമെന്ന് അയാൾക്ക് തോന്നി അമ്മയെയും സഹോദരിമാരെയും രക്തബന്ധങ്ങളെയും ചോരകുഞ്ഞിനെയും എന്തിനേറെ ഭ്രാന്തിയെ പോലും തിരിച്ചറിയാൻ കഴിയാത്ത നിങ്ങൾക്കാണ് ഭ്രാന്ത് നിങ്ങൾക്ക് ഭ്രാന്തില്ലായിരുന്നുവെങ്കിൽ മനസ്സിൻറെ താളം തെറ്റിയ ഒരു മകൾ കനകാംബിരിയുടെ അമ്മ ഇരുളിന്റെ മറവിൽ ക്രൂരമായി ബലാത്സംഗം ചെയ്യപ്പെടില്ലായിരുന്നു അവൾ അനാഥ ഗർഭം പേറി അലഞ്ഞു തിരയേണ്ടി വരില്ലായിരുന്നു അവസാനം അച്ഛനില്ലാതെ ഒരു കുഞ്ഞിനെ കൂടി തെരുവിന് സമ്മാനിച്ച അവൾ മരണത്തിൻറെ ചിറകിലേറില്ലായിരുന്നു നിങ്ങൾക്ക് നിങ്ങൾ ഭ്രാന്തൻ എന്ന് വിളിച്ച ആക്ഷേപിക്കുന്ന ഈ മനോഹരൻ കരങ്ങളിൽ കനകാംബിരി എത്തിയില്ലായിരുന്നെങ്കിൽ നാളെ കനകാംബിരിയുടെ ഗതി അവളുടെ അമ്മയുടെതിൽ നിന്ന് വ്യത്യസ്തമാകില്ലായിരുന്നു പറയൂ ആർക്കാണ് ഭ്രാന്ത് എനിക്കോ നിങ്ങൾക്കോ പിറ്റേന്ന് പ്രഭാതത്തിൽ തനിക്ക് ലഭിച്ച ഭക്ഷണപ്പൊതിയുമായി സ്കൂൾ ഗേറ്റിൽ അരികിൽ മനോഹരൻ കാത്തു നിന്നു അച്ഛനെ കണ്ട മാത്രയിൽ കനകാംബി ഓടിയെത്തി അച്ഛനെ വട്ടം പിടിച്ചു എന്നിട്ട് അച്ഛൻറെ കരം പിടിച്ച് ഗമയോടെ അവൾ സ്കൂളിലേക്ക് നടന്നു നഗരത്തിന്റെ ആഢ്യത്വം പ്രദർശിപ്പിച്ചുകൊണ്ട് കാറിലും ബൈക്കിലും ഒക്കെയായി കുട്ടികൾ സ്കൂളിലേക്ക് കടന്നുവരുന്നത് അവൾ കണ്ടു എന്നാൽ തന്റെ അച്ഛനെക്കാൾ ആഢ്യത്വവും സൗന്ദര്യവും മറ്റാരെല്ലാം കണ്ടെത്താൻ അവൾക്ക് കഴിഞ്ഞില്ല.താടിയും മുടിയും നീട്ടി മുഷിഞ്ഞ വസ്ത്രം ധരിച്ച തൻറെ അച്ഛൻറെ മുഖത്തെ സംതൃപ്തി ടിപ്പ്ടോപ്പ് വസ്ത്രധാരികൾക്കില്ലെന്ന് അവൾ കണ്ടു നഗരജീവിതത്തിന്റെ കാപട്യത്തെ വെറുക്കുവാൻ ജന്മം കൊണ്ട് അവൾ പഠിച്ചു കഴിഞ്ഞിരുന്നല്ലോ ഒരിക്കൽ അമ്മയെ കുറിച്ച് അവൾ അച്ഛനോട് ചോദിച്ചു അന്ന് അച്ഛൻറെ കണ്ണ് നിറഞ്ഞത് അവൾ കണ്ടു അമ്മ മോൾക്ക് പുത്തനൊടുക്കും പുസ്തകവും ചോദിക്കാൻ ദൈവത്തിൻറെ അടുത്തേക്ക് പോയിരിക്കുകയാണ് എന്നുകൂടി അച്ഛൻ പറഞ്ഞപ്പോൾ അച്ഛൻറെ കണ്ണുനീരിന്റെ രഹസ്യം അവൾക്ക് പിടികിട്ടി ദൈവത്തിൻറെ അടുത്തേക്ക് പോകുന്നവർ ആരും ഭ്രാന്ത് പിടിച്ച ഈ ലോകത്തേക്ക് തിരിച്ചുവരാൻ ഇഷ്ടപ്പെടില്ല എന്ന് ഒരിക്കൽ അച്ഛൻ പറഞ്ഞത് അവൾ മനസ്സിൽ കുറിച്ചിട്ടിരുന്നു. അനാഥത്വത്തിന്റെ മടിയിൽ പിറന്നുവീണ അച്ഛനാര് എന്നറിയാത്ത ആ കുരുവിനെ ലാളിക്കുവാൻ അയാളുടെ കരങ്ങൾ വീണ്ടും ഒരിക്കൽ കൂടി നീണ്ടു ജന്മം കൊടുത്ത അച്ഛനാകാൻ കഴിഞ്ഞില്ലെങ്കിലും കർമ്മം കൊണ്ട് അച്ഛൻ ആകാൻ ഈ ഭ്രാന്തന് കഴിഞ്ഞെങ്കിൽ ഭ്രാന്തിന്റെ കാഠിന്യം കുറയ്ക്കാൻ ഒരു വളർത്തു മകളുടെ സ്നേഹത്തിന് ആയെങ്കിൽ സ്നേഹത്തേക്കാൾ വലിയൊരു ഔഷധം ലോകത്തില്ല

**സി. മേഴ്സി**

# വിശപ്പിൻറെ വിളി

ഞാൻ ബസ്സ്റ്റോപ്പിൽ ബസ് കാത്തു നിൽക്കുകയായിരുന്നു 3 30 നുള്ള ബസ് സമയമായപ്പോൾ ആളുകൾ ഓരോരുത്തരായി വന്നുകൊണ്ടിരുന്നു. അപ്പോൾ ഒരാൾ പറഞ്ഞു ഇന്ന് ആ ബസ്സില്ല ഇനി നാല് മണിക്കേ ബസ് ഉള്ളൂ എല്ലാവരും ദീർഘനിശ്വാസം വിട്ടു അങ്ങോട്ടുമിങ്ങോട്ടും നോക്കി നാട്ടുവർത്തമാനങ്ങൾ പറയാൻ തുടങ്ങി

അപ്പോഴാണ് ഒരു വൃദ്ധയുടെ കൈയും പിടിച്ച് മൂന്നോ നാലോ വയസ്സ് പ്രായം തോന്നിക്കുന്ന ഒരു കുട്ടി അവിടേക്ക് വന്നു. എല്ലാവരെയും മാറിമാറി നോക്കുന്നുണ്ടായിരുന്നു ആ കുട്ടി, ആർക്കും യാതൊരു ഭാവ വ്യത്യാസം ഇല്ലായിരുന്നു, അവരവരുടെ കുശലാന്വേണങ്ങളിൽ ഓരോരുത്തരും വ്യാപൃതരായിരുന്നു

പെട്ടെന്ന് വൃദ്ധ കുട്ടിയെയും കൂട്ടി ഓരോരുത്തരുടെയും മുൻപിൽ വന്ന് കൈനീട്ടി രണ്ടു രൂപയും അഞ്ചു രൂപയുമായി സന്മനസ്സുള്ളവർ കൊടുത്തു. ഞാനും അഞ്ചിന്റെ തുട്ടുകൊടുത്തു. എല്ലാവരും വെച്ച് നീട്ടിയ ചില്ലറ പൈസ കണ്ടപ്പോൾ കുഞ്ഞു കണ്ണുകൾ വിടർന്നു. വൃദ്ധയുടെ കയ്യിൽ നിന്നും ആ പൈസ മേടിച്ച് തൊട്ടടുത്ത് കണ്ട കടയിലേക്ക് ഓടി ആ കുട്ടി ചെന്നതും ചോക്ലേറ്റിലേക്ക് നോക്കി നിന്ന് 'വേണ്ട ചോക്ലേറ്റ് തിന്നാൽ വയറു നിറയില്ല മുത്തശ്ശിക്കും

വേണം," കുട്ടി പതുക്കെ അവിടെ കണ്ട ബണ്ണിലേക്ക് കൈയ്യോടിച്ചു, "ടീ, തൊട്ട് പോകരുത്". കടക്കാരൻ അലറിക്കൊണ്ടുവന്നു കുട്ടിയെ പിടിച്ചു തള്ളി "മോഷ്ടിക്കാനായി ഇറങ്ങിക്കൊള്ളും കടന്നുപോടീ"

അയ്യോ എൻറെ കുട്ടിയെ ഒന്നും ചെയ്യല്ലേ മിണ്ടാപ്രാണിയായ കുട്ടിയാണേ, മോളെ വൃദ്ധ ഓടിച്ചെന്നു കുട്ടിയെ പിടിച്ച് എഴുന്നേൽപ്പിച്ചു. എല്ലാവരും സ്തബ്ധരായ് നോക്കി നിന്നു. നാല് മണിയുടെ ബസിന്റെ നീട്ടിയുള്ള ഹോണടി കേട്ടു ബസ് വന്നുനിന്നു, എല്ലാവരും ബസ്സിൽ കയറി ബസ്സിൽ ഇരിക്കുമ്പോൾ ആ കുഞ്ഞു മുഖം എന്നെ അലട്ടിക്കൊണ്ടിരുന്നു.

ബിയോണ ബിജോ 8c

# അപരൻ

സുധാമൂർത്തിയുടെ ചുമട് താങ്ങി എന്ന കഥയിൽ രണ്ട് കഥാപാത്രങ്ങളുണ്ട് രണ്ട് സംഭവങ്ങളും കഥാകൃത്ത് കുട്ടിക്കാലം ചിലവഴിച്ച ഗ്രാമത്തിൽ വലിയ ഒരു ആൽമരം ഉണ്ടായിരുന്നു അതിനു കീഴെ ഒരു ചുമട് താങ്ങി ദിവസവും ഒരു മുത്തച്ഛൻ അവിടെ പോയിരുന്ന ചുമ എടുത്തു വരുന്നവരുടെ വിഷമങ്ങൾ ശ്രദ്ധാപൂർവ്വം കേട്ടിരുന്നു എന്നാൽ അദ്ദേഹം മറുപടിയൊന്നും പറഞ്ഞിരുന്നില്ല

കഥയിലെ രണ്ടാമത്തെ കഥാപാത്രം കഥാകൃത്തിന്റെ സഹപ്രവർത്തക രത്നയാണ് എല്ലാ ദിവസവും ഉച്ചഭക്ഷണ സമയത്ത് ഒരു മണിക്കൂർ അവർ ഏതെങ്കിലും സഹപ്രവർത്തകരോടൊപ്പം സമയം ചിലവഴിക്കും എല്ലാവരുടെയും വിഷമങ്ങൾ കേൾക്കുന്ന രത്നയും ഒരു പരിഹാരവും നിർദ്ദേശിച്ചിരുന്നില്ല എന്നാൽ മുത്തച്ഛന്റെയും രത്നയുടെയും അടുത്തിരുന്നവർ സന്തോഷത്തോടെയാണ് തിരിച്ചു പോയിരുന്നത്

കഥ ഇങ്ങനെ അവസാനിപ്പിക്കാം മരത്തിന് കീഴിലുള്ള ചുമട് താങ്ങിയെക്കാൾ മുത്തച്ഛനെയും രത്നയും പോലുള്ള ചുമട് താങ്ങികളെയാണ് നമുക്ക് ഇന്ന് ആവശ്യം അവർ പറഞ്ഞു തരുന്ന തുവരെ പറയുന്നവരുടെ സങ്കടങ്ങൾ കേൾക്കാൻ നമുക്ക് ആകണം. "കേൾവി ഇല്ലാത്തതിനേക്കാൾ ഭീകരമാണ് കേൾക്കാൻ മനസ്സില്ലാത്ത അവസ്ഥ"

കേൾക്കാൻ ഒരു ഒരാളുണ്ടായിരുന്നു എങ്കിൽ ഒട്ടേറെ ജീവിതങ്ങൾ രക്ഷപ്പെട്ടും ആയിരുന്നു ആർക്കും കേൾവി കൊടുക്കാൻ നമുക്ക് കഴിഞ്ഞെന്നു വരില്ല പക്ഷേ ചെവി കൊടുക്കാൻ തീർച്ചയായും പറ്റും

മറ്റൊരാളുടെ
സങ്കടങ്ങൾക്കിടയിൽ കുറച്ചുനേരമെങ്കിലും അയാളോടൊപ്പം സമയം ചെലവഴിക്കുക അയാളെ ഒന്ന് ചേർത്ത് പിടിക്കാൻ ആകുമെങ്കിൽ അതാകും നമുക്ക് ചെയ്യാൻ ആകുന്ന ഏറ്റവും വലിയ പുണ്യം എന്ത് നൽകി എന്ന് ചോദ്യത്തിന്റെ ഏറ്റവും നല്ല ഉത്തരം അവർക്ക് ആശ്വാസം നൽകി എന്നതായിരിക്കും കാരണം അതൊരു ജീവശ്വാസമാണ് ശിഷ്ടകാലം മുഴുവൻ ഉള്ള ഒരു ചുമട് താങ്ങി. മറ്റൊന്നും കൊടുക്കാനായില്ലെങ്കിലും അപരനു ചെവി കൊടുക്കാമെങ്കിലും നമുക്ക് സാധിക്കട്ടെ

-----------------------------------------

**ബിജോയ് സാർ**

# നഷ്ടദുഖം

വിടർന്ന പൂവുകൾ കൊഴിയുന്നു

കൂമ്പിനിൽക്കുന്ന മൊട്ടിനെ വണ്ടുതിന്നുന്നു

വിടരാൻ കഴിയാതെ നിൽക്കുന്ന മൊട്ടിന്

അറിയില്ല വിടർന്ന പൂവിന്റെ നഷ്ടദുഖം

**തമന്ന മനോജ് 8c**



# നഷ്ടസ്വപ്നങ്ങൾ

ഓർമതൻ വഴിക്കോണിൽ എങ്ങോ,
തിരഞ്ഞതെന്തു ഞനെൻ
ജീവിതത്തിൽ നഷ്ടസ്വപ്നങ്ങളോ,
അതോ എൻ സ്വപ്നങ്ങളിൽ
പൊലിഞ്ഞ മറ്റു ജീവന്നോ. . ?

വേനൽ ചുടുതീയിൽ എരിഞ്ഞ്
മഴയിൽ വണ്ണാടലിയും വാകയോ അവ,
അതോ ഇന്നലകളിൽ കണ്ട ദു:സ്വപ്നമോ..?

വിജനമാം വീഥിയിൽ തിരയുന്നു ഞാനിന്നും
ചിതലരിക്കപ്പെട്ട ഓർമതൻ സ്വപ്നകൂടാരത്തെ
തനിയെയാ ഇരുൾവീഥിയിൽ ചിറതുകൾ
പൊലിഞ്ഞുവീഴവേ, അറിയാതെ വെറുത്തു-
പോയെൻ ജീവനെ ഞാൻ.

നൂലാൽ ചേർത്തു തുന്നാൻ ഇന്നാ
ചിറകുകൾ ബാക്കിയില്ല.

# നാട്

ലോകമഹായുദ്ധങ്ങൾക്കുശേഷം നമ്മുടെ രാജ്യത്തുണ്ടായ കൊടിയ ദാരിദ്ര്യത്തിന് അറുതിവരുത്തണമെന്ന ദൃഢനിശ്ചയവും വരും തലമുറയുടെ ശോഭനഭാവിയും ലക്ഷ്യമാക്കി ജനിച്ചുവരുന്ന നാടിനേയും ഉറ്റവരേയും ബന്ധുമിത്രാധികളേയും മാറ്റിനിർത്തി കേട്ടറിവുള്ള മലബാർ എന്ന കനകം വിളയുന്ന കന്നിമണ്ണുതേടി മലബാറിന്റെ വിവിധ മലയോര മലമടക്കുകളിൽ കുടിയേറി കാട്ടാനക്കൂട്ടങ്ങളോടും, കാട്ടുമൃഗങ്ങളോടും, മലബാറിനോടും, മലമ്പനിയോടും, പകർച്ചവ്യാധികളോടും, പട്ടിണിയോടും, പടവെട്ടി പൊരുതി ജയിച്ച്  കനകം വിളയിച്ച മലബാർ കുടിയേറ്റചരിത്രം ഇന്നത്തെ തലമുറയ്ക്ക് കേട്ടാൽ ഒരുപക്ഷേ അവിശ്വസനീയമായി തോന്നിയേക്കാം. കുടിയേറ്റ ചരിത്രത്തിലെ ഒരു ചെറിയ കേന്ദ്രബിന്ദു മാത്രമാണ് നമ്മുടെ കുണ്ടുതോട്.

പടിഞ്ഞാറ് മാമ്പിലാട് മലയും വടക്കുകിഴക്കായി കൊട്ടാറ, വട്ടിപ്പന, കുരുടൻകടവ് മലകളും തെക്ക് നീറ്റിക്കോട്ട പാറയാലും ചുറ്റും കോട്ട തീർത്ത് കുണ്ടും കുഴിയും വെള്ളക്കെട്ടും ഈറ്റക്കാടുകളും നിറഞ്ഞ ചതുപ്പു പ്രദേശമായതിനാൽ പശ്ചിമഘട്ട പർവ്വതനിരകളിൽപെട്ട വട്ടിപ്പനമലയുടെ മടിത്തട്ടായ ഈ പ്രദേശത്തിന് കുണ്ടുതോട് എന്ന് പെരുവന്നു.

# കുണ്ടുതോട് ഒരു അണിഞ്ഞൊരുങ്ങിയ സുന്ദരി

അരുവികളും തോടുകളും മുട്ടക്കു കൊണ്ട് മനോഹരമായ പ്രദേശമാണിത്.ഈ പ്രദേശത്തോട് ചേർന്നുകിടക്കുന്ന വയനാട് മെച്ചപ്പെട്ട കാലാവസ്ഥ കുണ്ടുതോടിന് ലഭിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്.സുന്ദരമായ തെങ്ങിൻ തോപ്പുകളും ബഹുദൂരം പ്ലാന്റുചേയ്ത്തിരിക്കുന്ന റബ്ബർതോട്ടവും കവുങ്ങിൻ തോപ്പും ഇടവിളയായ കൊക്കൊയും ജാതിയും അങ്ങനെ പോകുന്നു മരങ്ങളും നിരകൾ......

# കുണ്ടുതോടിന്റ നാമപ്പിറവി

ഒരിക്കൽ തൊട്ടിൽപാലം എന്ന സ്ഥലത്തിന്റെ ഭാഗമായിരുന്നു ഈ പ്രദേശം പിന്നീട് കുടിയേറ്റക്കാരുടെ ബഹിർഗമനത്തോടെയും സ്ഥിരതാമസമാക്കിയതോടെയും സ്വന്തമായ നാമം സ്വീകരിച്ചു.സ്ഥലനാമം സൂചിപ്പിക്കുന്നതുപോലെ കുണ്ടുകളും നിരവധി തോടുകളും നിറഞ്ഞ എന്നാൽ പ്രകൃതിയുടെ സൗന്ദര്യം തെല്ലും കുറഞ്ഞുപോകാതെ പ്രകൃതിരമണീയത നിറഞ്ഞ ഈ പ്രദേശത്തെ കുണ്ടുതോട് എന്ന പേരുവിളിക്കാൻ തുടങ്ങി....

